പാപവും ശാപവും നിത്യരക്ഷയും

ഫ്രാൻസിസ് തെക്കേക്കര

പാപവും അവ വഴി മനുഷ്യർക്കുണ്ടാകുന്ന ശാപങ്ങളെക്കുറിച്ചും ദൈവശാസ്ത്രജ്ഞന്മാർക്കു പോലും അഭിപ്രായ ഐക്യമില്ല. ശാപങ്ങളുടെ പ്രസക്തിയെ പറ്റിയും അവയുടെ അനന്തര ഫലങ്ങളെ പറ്റിയും ഒരു കൂട്ടർ പ്രസംഗിക്കുന്നു. ശാപങ്ങളേ ഇല്ലെന്നും അതെല്ലാം ചില ധ്യാനകേന്ദ്രങ്ങ ളുടെ ഭാവനാ സൃഷ്ടി മാത്രമാണെന്നും മറ്റൊരു കൂട്ടർ പ്രചരിപ്പിക്കുന്നു. ഇതിനിടയിൽ സാധാരണ വിശ്വാസികൾ ധർമ്മസങ്കടത്തിലാകുന്നു. ആദ്യ മായി ശാപങ്ങൾ എന്നാൽ എന്താണ് അർത്ഥമാക്കുന്നത് എന്ന് മനസ്സിലാ ക്കണം. നിയമങ്ങളുടെ ലംഘനമാണ് പാപം. പാപത്തിന്റെ ഫലമാണ് ശാപ ങ്ങൾ. ഒരുവൻ പാപത്തിലൂടെ ദൈവത്തിൽനിന്ന് അകലുമ്പോൾ അവനു നഷ്ടപ്പെടുന്ന അനുഗ്രഹത്തെയും അവനിൽ സംജാതമാകുന്ന പൈശാചിക സ്വാധീനത്തേയും ശാപം എന്ന് പറയാം.

ആമുഖമായി ചില വസ്തുതകൾ നാം മനസ്സിലാക്കിയിരിക്കണം. തിരുവചനങ്ങളെ വ്യാഖ്യാനിക്കുമ്പോൾ അത് എഴുതിയ പശ്ചാത്തലം, കാല ഘട്ടത്തിലെ ഭാഷ, സംസ്കാരം, സാഹിത്യ രചനാ രീതികളെല്ലാം കണക്കി ലെടുക്കേണ്ടതുണ്ട് എന്നതിൽ സംശയമൊന്നുമില്ല. എല്ലാം അക്ഷരാർത്ഥ ത്തിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ചാൽ സത്യം ഗ്രഹിക്കാൻ കഴിഞ്ഞെന്നു വരില്ല. എന്നാൽ "*വി.ഗ്രന്ഥത്തിലെ വാക്കുകൾ സൂചിപ്പിക്കുന്നതും വാക്യ വിശകലനത്തിൽ നിന്ന് അനാവൃതമാകുന്നതുമായ അർത്ഥമാണു വാച്യാ ർത്ഥം.* ***വി.ഗ്രന്ഥത്തിന്റെ മറ്റെല്ലാ അർത്ഥങ്ങളും വാച്യാർത്ഥത്തിൽ അധിഷ്ഠിതമാണ്***" (CCC.116) എന്ന വസ്തുത മറക്കരുത്. വചനങ്ങൾക്ക് തെറ്റായ വ്യാഖ്യാനങ്ങൾ കൊടുത്തു കൊണ്ടാണ് സാത്താൻ ദൈവമക്കളെ അപഹരിച്ചുകൊണ്ടുപോകുന്നത്. ഈശോയെപോലും വചനങ്ങൾ പറഞ്ഞു കൊണ്ടാണ് സാത്താൻ പ്രലോഭിപ്പിക്കാൻ ശ്രമിച്ചത്: "*നീ ദൈവപുത്രനാണെ ങ്കിൽ താഴേക്കു ചാടുക; നിന്നെക്കുറിച്ച് അവൻ തൻെറ ദൂതന്മാർക്കു കൽപന നൽകും; നിൻെറ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും എന്ന് എഴുതപ്പെട്ടിരിക്കുന്നു*"(മത്താ.4:6). സാത്താൻ പറഞ്ഞ വചനം തെറ്റായിരുന്നില്ല. എന്നാൽ യേശു പറഞ്ഞു: "നിൻെറ ദൈവ മായ കർത്താവിനെ പരീക്ഷിക്കരുത് എന്നുകൂടി എഴുതപ്പെട്ടിരിക്കുന്നു" (മത്താ.4:7). അതായത് ആ വചനംകൂടി പാലിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. അതിനാൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. **തിരുവചനങ്ങ ളെല്ലാം ദൈവ നിവേശിതമാകയാൽ ഒരു വചനം വ്യാഖ്യാനിക്കുമ്പോൾ മറ്റു വചനങ്ങളോട് പൂർണ്ണമായി നീതി പുലർത്തിക്കൊണ്ടുവേണം വ്യാഖ്യാനിക്കാൻ**. അല്ലെങ്കിൽ തെറ്റു പറ്റാനിടയുണ്ട്.

ഇനി വിഷയത്തിലേക്ക് വരാം. ആത്മാവും ശരീരവും ചേർന്നതാണ് മനുഷ്യൻ. നിയമംലഭിച്ചിരിക്കുന്നത് ശരീരത്തിൽ വസിക്കുന്ന ആത്മാവി നാണ്. "***നിയമം ആത്മീയമാണെന്നു നാമറിയുന്നു***" (റോമാ.7:14). ഈശോ പറയുന്നു: "*ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളു മായി വ്യഭിചാരം ചെയ്തു കഴിഞ്ഞു*"(മത്താ.5:28). ആത്മാവാണ് ജീവൻ നൽകു ന്നത് ശരീരം ഒന്നിനും ഉപകരിക്കുന്നില്ല (യോഹ.6:63). "*ഒരുവൻെറ ഉള്ളിൽ നിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്. എന്തെ ന്നാൽ, ഉള്ളിൽ നിന്നാണ്, മനുഷ്യൻെറ ഹൃദയത്തിൽ നിന്നാണ് ദുശ്ചിന്ത,*

*പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്. ഈ തിന്മകളെല്ലാം ഉള്ളിൽ നിന്നുവരുന്നു. അവ **മനുഷ്യനെ** അശുദ്ധനാക്കുകയും ചെയ്യുന്നു"*(മർക്കോ.7:20-23). അതുകൊണ്ട് പാപം **ആത്മാവിനെയും ശരീരത്തെയും** മലിനമാക്കുന്നു. ആത്മാവില്ലാതെ ശരീരത്തിനു ജീവിക്കാനാകില്ല. ശരീരത്തിൽ നിന്നു ആത്മാവു വേറിടുമ്പോൾ ശാരീരിക മരണം സംഭവിക്കുന്നു. അതോടെ ശരീരം അഴിഞ്ഞ് പോകുന്നു. ആത്മാവ് തുടർന്നും ജീവിക്കുന്നു. ആത്മാവു ശരീരത്തിൽ ആയിരിക്കുന്ന കാലത്തു മാത്രമാണ് നിയമത്തിൻ കീഴിലായിരിക്കുന്നത് (റോമ.7:1). അതിനാൽ ഈ കാലഘട്ടത്തിലുള്ള പ്രവർത്തികൾക്കു മാത്രമാണ് ശിക്ഷാവിധിയുള്ളത് (2കോറി.5:10).

പാപത്തിനു രണ്ടു തലങ്ങളുണ്ട്. ദൈവത്തിനും സഹോദരനുമെതിരെയുള്ള പ്രവൃത്തിയാണ് പാപം. അതിനാൽ ഒരുവൻ പാപം ചെയ്യുമ്പോൾ നിയമം ലംഘിച്ചതിന്റെ ശിക്ഷയും സഹോദര സ്നേഹത്തിനെതിരാകയാൽ അതിനുള്ള ശിക്ഷയും ലഭിക്കുന്നു. മനുഷ്യൻ ഏതു നിയമം ലംഘിച്ചാലും ആത്മീയമായി മരിക്കുന്ന അവസ്ഥയായിരുന്നു. *"എന്തുകൊണ്ടെന്നാൽ, പാപം കൽപനവഴി അവസരം കണ്ടെത്തി എന്നെ ചതിക്കുകയും അതുവഴി എന്നെ **കൊല്ലുകയും** ചെയ്തു"*(റോമ.7:11). അതിനു കാരണം ആദിമാതാപിതാക്കളോട് വൃക്ഷത്തിന്റെ ഫലം ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു പറഞ്ഞതായിരുന്നു. മനുഷ്യ വംശത്തിന്റെ ദുരവസ്ഥയിൽ മനംനൊന്ത് കാരുണ്യവാനായ പിതാവ് തന്റെ പുത്രനെ പാപപരിഹാരത്തിനു വേണ്ടി പാപകരമായ ശരീരത്തിന്റെ സാദൃശ്യത്തിൽ അയച്ചുകൊണ്ട് പാപത്തിന് ശരീരത്തിൽ ശിക്ഷ വിധിച്ചു (റോമ.8:3).*"നമുക്കു ദോഷകരമായി നിന്ന ലിഖിത നിയമങ്ങളെ അവൻ മായിച്ചു കളയുകയും അവയെ കുരിശിൽ തറച്ചു നിഷ്കാസനം ചെയ്യുകയും ചെയ്തു"* (കൊളോ.2:14). ക്രിസ്തു എല്ലാനിയമങ്ങളും ഇല്ലാതാക്കുകയല്ല **ദോഷകരമായ** നിയമങ്ങൾ ഇല്ലാതാക്കി മനുഷ്യനെ ദൈവവുമായി അനുരഞ്ജനപ്പെടുത്തി ശാപങ്ങളിൽ നിന്നു രക്ഷിക്കുകയാണ് ചെയ്തത്. *"നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണു ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല **പൂർത്തിയാക്കാനാണ്** ഞാൻ വന്നത്"*(മത്താ.5:17,18). ഉദാഹരണമായി, ഈശോ പറയുന്നു: സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്. ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ വ്യഭിചാരിയും.

*"ക്രിസ്തു നമ്മെപ്രതി ശപിക്കപ്പെട്ടവനായി തീർന്നുകൊണ്ട് **നിയമത്തിന്റെ** ശാപത്തിൽ നിന്ന് നമ്മെ രക്ഷിച്ചു"*(ഗലാ.3:13). അതായത് ആത്മീയ മരണത്തിൽ നിന്നു രക്ഷിച്ചു. നിയമത്തിന്റെ ശാപം എന്തെന്ന് ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. ലൈസൻസില്ലാതെ വാഹനം ഓടിച്ച് അപകടം സംഭവിച്ചാൽ രണ്ടു തരത്തിൽ ശിക്ഷിക്കപ്പെടും. ലൈസൻസില്ലാതെ നിയമം ലംഘിച്ച് വാഹനം ഓടിച്ചതിനും അപകടത്തിലെ നഷ്ടത്തിനനുസരച്ച് അതിനും. മാമ്മോദീസായിലൂടെ (തുടർന്ന് കുമ്പസാരത്തിലൂടെ) നിയമത്തിന്റെ ശാപത്തിൽ നിന്ന് മോചനം ലഭിക്കുന്നു. പത്രോസ്ശ്ലീഹ പറയുന്നുണ്ടല്ലോ **ജ്ഞാനസ്നാനം നമ്മെ ശരീരത്തിന്റെ മാലിന്യത്തിൽ** (റോമ.7:18-20-ൽ പറയുന്ന ശരീരത്തിൽ കുടി കൊള്ളുന്ന

പാപത്തിൽ) **നിന്ന് രക്ഷിക്കുകയല്ല മറിച്ച് ശുദ്ധ മനസ്സാക്ഷിയുള്ളവരാക്കുകയാണ് ചെയ്യുന്നത്** (1പത്രോ.3:21). മനസ്സാക്ഷിയുടെ സ്വരം ശ്രവിച്ച് വചനങ്ങൾ പാലിച്ച് അശുദ്ധിയിൽ നിന്നും മോചനം നേടുന്നതിനു വേണ്ടിയാണത്. പ്രഭാഷകന്റെ പുസ്തകം 47:20-ൽ സോളമന്റെ പാപം സന്തതി പരമ്പരയെ മലിനമാക്കിയതായി പറയുന്നത് **മാലിന്യം** എന്താണെന്നതിലേക്കുള്ള ചൂണ്ടു പലകയാണ്. "*നിന്റെ സത്കീർത്തിക്കു നീ തന്നെ കളങ്കം വരുത്തി; സന്തതി പരമ്പരയെ മലിനമാക്കി; അവരെ ക്രോധത്തിന് ഇരയാക്കി; നിന്റെ ഭോഷത്തം അവർക്കു ദുഃഖകാരണമായി.*" മാമ്മോദീസായിൽ "*നാം ഇനി പാപത്തിന് അടിമപ്പെടാതിരിക്കത്തക്കവിധം* ***പാപപൂർണ്ണമായ ശരീരത്തെ നശിപ്പിക്കാൻവേണ്ടി*** *നമ്മിലെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നു നമുക്കറിയാമല്ലോ*" (റോമ.6:6). "*മാംസത്തിൽ നിന്നു ജനിക്കുന്നതു മാംസമാണ്; ആത്മാവിൽ നിന്നു ജനിക്കുന്നത് ആത്മാവും*" (യോഹ.3:6). പാപത്താൽ മലിനമായ ശരീരം മലിനമായ ശരീരങ്ങൾക്ക് ജന്മം നൽകുന്നു. അതാണ് ശാപവും രോഗവും തലമുറകളിലേക്ക് പകരപ്പെടുന്നതിന് കാരണം. തലമുറകളിലൂടെ വരുന്ന ശാപത്തിന്റെ ഫലമല്ലേ പാരമ്പര്യ രോഗങ്ങൾ? അതുകൊണ്ടാണ് പൗലോസ്ശ്ലീഹ പറയുന്നത്: "*പ്രിയപ്പെട്ടവരേ, ഈ വാഗ്ദാനങ്ങൾ നമുക്കുള്ളതിനാൽ* ***ശരീരത്തിന്റെയും ആത്മാവിന്റെയും*** *എല്ലാ അശുദ്ധിയിലും നിന്നു നമ്മെത്തന്നെ ശുചീകരിക്കുകയും ദൈവഭയത്തിൽ വിശുദ്ധി* ***പരിപൂർണ്ണമാക്കുകയും*** *ചെയ്യാം*" (2കൊറി.7:1). "*ഇതിന്* ***ദുഷ്മനഃസാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയത്തെ വെടിപ്പാക്കുകയും ശരീരം ശുദ്ധജലത്താൽ കഴുകുകയും*** *വേണം*" (ഹെബ്രാ.10:22). മാമ്മോദീസായിലൂടെ ദുഷ്മനഃസാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയത്തെ വെടിപ്പാക്കാമെങ്കിലും ശരീരത്തെ ശുചീകരിക്കാൻ വചനാധിഷ്ഠിതമായ ജീവിതം ആവശ്യമാണ്. മറ്റൊരു വചനം പറയുന്നു: "*കോലാടുകളുടെയും കാളക്കിടാക്കളുടെയും രക്തം തളിക്കുന്നതും പശുക്കിടാവിന്റെ ഭസ്മം വിതറുന്നതും അശുദ്ധരെ* ***ശാരീരികമായി ശുദ്ധീകരിക്കുന്നു.*** *എങ്കിൽ, നിത്യാത്മാവു മൂലം കളങ്കമില്ലാതെ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നമ്മുടെ* ***അന്തഃകരണത്തെ*** *നിർജീവ പ്രവൃത്തികളിൽ നിന്ന് എത്രയധികമായി വിശുദ്ധീകരിക്കുകയില്ല! ....* ***നിയമം ലംഘിച്ചവർക്ക്*** *അവൻ സ്വന്തം മരണത്താൽ രക്ഷയായിത്തീർന്നു*"(ഹെബ്രാ.9:13-15). പഴയ നിയമകാലത്തെ ബലികളിലൂടെ അന്തഃകരണവിശുദ്ധീകരണം സാധ്യമായിരുന്നില്ലെങ്കിലും അവ തികച്ചും ഫലരഹിതമായിരുന്നില്ല. അവയിലൂടെ ശാരീരിക വിശുദ്ധീകരണം നടന്നിരുന്നു.

"*എന്നാൽ, നിങ്ങളുടെ* ***ശരീരം*** *പാപം നിമിത്തം മൃതമാണെങ്കിലും ക്രിസ്തു നിങ്ങളിലുണ്ടെങ്കിൽ നിങ്ങളുടെ* ***ആത്മാവ്*** *നീതി നിമിത്തം ജീവനുള്ളതായിരിക്കും. യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ, യേശു ക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ* ***മർത്യശരീരങ്ങൾക്കും*** *നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും*"(റോമ.8:10,11). യേശുവിന്റെ ആത്മാവ് നമ്മിൽ വസിക്കണമെങ്കിൽ എന്തുവേണമെന്ന് യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നുണ്ട്. "*എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തു വന്ന്*

അവനിൽ വാസമുറപ്പിക്കുകയും ചെയ്യും"(യോഹ.14:23). "*അവിടുന്നു പ്രകാശ ത്തിലായിരിക്കുന്നതുപോലെ, നമ്മളും പ്രകാശത്തിൽ സഞ്ചരിക്കുന്നെങ്കിൽ നമുക്കു പരസ്പരം കൂട്ടായ്മയുണ്ടാകും. അവിടുത്തെ പുത്രനായ* ***യേശുവി ൻെറ രക്തം എല്ലാ പാപങ്ങളിലും നിന്നു*** *നമ്മെ ശുദ്ധീകരിക്കുന്നു*" (1യോഹ. 1:7). മറ്റൊരു വചനം പറയുന്നു:"*അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാ സ്തോത്രം ചെയ്ത് അവർക്കു കൊടുത്തു കൊണ്ടു പറഞ്ഞു: നിങ്ങളെല്ലാ വരും ഇതിൽ നിന്നു പാനം ചെയ്യുവിൻ.* ***ഇതു പാപമോചനത്തിനായി അനേ കർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എൻെറ രക്തമാണ്***" (മത്താ.26:27,28). അതിനാൽ മാമ്മോദീസായിലൂടെ (തുടർന്ന് കുമ്പസാരത്തി ലൂടെ) ആത്മാവിൻെറ വിശുദ്ധീകരണവും പരിശുദ്ധ കുർബ്ബാനയിലൂടെ പു തിയ ഉടമ്പടിയുടെ രക്തം വഴി ശാരീരിക വിശുദ്ധീകരണവും നടക്കുന്നതി നാൽ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം വിശുദ്ധ കുർബ്ബാനയും കുർബ്ബാന സ്വീകരണവും അവന്റെ രക്ഷക്ക് അനിവാര്യമാണ്. എന്തുകൊണ്ടെ ന്നാൽ "*വിശ്വാസം വഴി സംലബ്ധമാകുന്ന രക്തംകൊണ്ടുള്ള പാപപരിഹാര മായി ദൈവം അവനെ നിശ്ചയിച്ചു തന്നു*" (റോമ.3:25). നമുക്ക് വിശ്വാസംവഴി ദൃശ്യരൂപത്തിൽ ക്രിസ്തുവിന്റെ രക്തം ലഭ്യമാകുന്നത് പരിശുദ്ധ കുർബ്ബാ നയിൽ മാത്രമാണ്. "*യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രൻെറ* ***ശരീരം ഭക്ഷിക്കുകയും*** *അവൻെറ* ***രക്തം പാനം ചെയ്യുകയും*** *ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്കു ജീവൻ ഉണ്ടായി രിക്കുകയില്ല*" (യോഹ.6:53). ഇതു പറയുമ്പോൾ മാംസത്തിൽ രക്തവും ഉൾ ക്കൊള്ളുന്നു എന്നത് യേശുവിന് അറിയില്ലായിരുന്നുവോ?! യേശുവിൻെറ രക്തത്തിന്റെ അമൂല്യ ശക്തിയെക്കുറിച്ചുള്ള അജ്ഞത വിശ്വാസികൾക്ക് ഇത് നിഷേധിക്കപ്പെടുന്നതിനു കാരണമാകുന്നു. "*അവിടുത്തെ കൃപയുടെ സമൃ ദ്ധിക്കൊത്ത് നമുക്കു* ***ക്രിസ്തുവിൽ പാപമോചനവും*** *അവൻെറ* ***രക്തംവഴി രക്ഷയും*** *കൈവന്നിരിക്കുന്നു*"(എഫേ.1:7). "*അവനിൽ വിശ്വസിക്കുന്ന എല്ലാ വരും അവൻെറ* ***നാമം വഴി പാപമോചനം*** *നേടുമെന്നു പ്രവാചകന്മാർ അവനെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നു*" (അപ്പ. പ്ര.:10:43). എന്നാൽ പാപം മോചിക്കപ്പെട്ടതുകൊണ്ട് ശിക്ഷയിൽ നിന്ന് ഒഴിവാകണമെന്നില്ല. എന്തെ ന്നാൽ ആത്മാവും ശരീരവും പൂർണ്ണമായി വിശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. **ശരീരങ്ങളെ** വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ ബലിയായി സമർപ്പിക്കുന്നതാണ് **യഥാർത്ഥമായ ആരാധനയെന്ന്** പൗലോസ്ശ്ലീഹ റോമ.12:1-ൽ പറയുന്നു. ഇതിൽനിന്നും വിശ്വാസം വഴി കൃപയിലൂടെ നേടി യെടുക്കേണ്ടതാണ് ശാരീരിക വിശുദ്ധീകരണം എന്നു മനസ്സിലാക്കാം.

പാപത്തിന്റെ രണ്ടാമത്തെ തലം സഹോദര സ്നേഹത്തിനെതിരാണ്. ഇവിടെ മറ്റുള്ളവർക്ക് അവകാശപ്പെട്ടത് കവർന്നെടുക്കുകയാണ്. അതിനാൽ ഇതിനെ കടം എന്നും പറയാം. ഇതിനു മോചനം നൽകേണ്ടത് നമ്മുടെ പാപം മൂലം നഷ്ടം സഹിച്ചവരാണ്. അതിനാൽ പാപത്തിന്റെ ശാപത്തിൽ നിന്ന് പൂർണ്ണമായി മോചനം ലഭിക്കണമെങ്കിൽ ദൈവം ക്ഷമിക്കുകയും കടം വീടുകയും വേണം. ദൈവസന്നിധിയിൽ നീതി നിഷേധിക്കപ്പെട്ടവരുടെ നിലവിളി നമുക്കുള്ള അനുഗ്രഹങ്ങളെ തടസ്സപ്പെടുത്തും. അതിനാൽ അവർ ക്കുവേണ്ടി പ്രാർത്ഥിക്കുകയും കുരിശിലെ ബലിയോട് ഐക്യപ്പെട്ട് പരിഹാര പ്രവർത്തികൾ ചെയ്ത് അവരുമായി അനുരഞ്ജനപ്പെടണം - കടങ്ങൾ

വീട്ടണം. അല്ലാത്ത പക്ഷം ശിക്ഷയനുഭവിക്കേണ്ടി വരും. "*അവസാനത്തെ ചില്ലിക്കാശും കൊടുത്തു വീട്ടുവോളം നീ അവിടെ നിന്നു പുറത്തു വരുകയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു*" (മത്താ.5:26). "*എന്തെന്നാൽ ഓരോരുത്തരും സ്വന്തം ഭാരം വഹിച്ചേ മതിയാവൂ*" (ഗലാത്തി.6:5).

'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' പ്രാർത്ഥനയിൽ ഈശോ പഠിപ്പിക്കുന്നുണ്ടല്ലോ: '*ഞങ്ങളോട് തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമെയെന്ന്.*' മത്തായിയുടെ സുവിശേഷത്തിൽ ഒരു ഉപമയിലൂടെ ഈശോ വീണ്ടും താക്കീത് തരുന്നുണ്ട്: "*കണക്കു തീർക്കാനാരംഭിച്ചപ്പോൾ, പതിനായിരം താലന്ത് കടപ്പെട്ടിരുന്ന ഒരുവനെ അവർ അവൻെറ മുമ്പിൽ കൊണ്ടുവന്നു. അവന് അതു വീട്ടാൻ നിർവ്വാഹമില്ലാതിരുന്നതു കൊണ്ട് അവനെയും ഭാര്യയെയും മക്കളെയും അവൻെറ സമസ്ത വസ്തുക്കളെയും വിറ്റു കടം വീട്ടാൻ യജമാനൻ കൽപിച്ചു. അപ്പോൾ സേവകൻ വീണു നമസ്കരിച്ചു കൊണ്ടു പറഞ്ഞു: പ്രഭോ, എന്നോടു ക്ഷമിക്കണമേ! ഞാൻ എല്ലാം തന്നു വീട്ടിക്കൊള്ളാം. ആ സേവകൻെറ യജമാനൻ മനസ്സലിഞ്ഞ് അവനെ വിട്ടയയ്ക്കുകയും കടം ഇളച്ചു കൊടുക്കുകയും ചെയ്തു. അവൻ പുറത്തിറങ്ങിയപ്പോൾ, തനിക്കു നൂറു ദനാറ നൽകാനുണ്ടായിരുന്ന തൻെറ സഹ സേവകരിലൊരുവനെ കണ്ടുമുട്ടി. അവൻെറ കഴുത്തു പിടിച്ചു ഞെരിച്ചുകൊണ്ട് അവൻ പറഞ്ഞു: എനിക്ക് തരാനുള്ളതു തന്നു തീർക്കുക. അപ്പോൾ ആ സഹസേവകൻ അവനോട് വീണപേക്ഷിച്ചു: എന്നോടു ക്ഷമിക്കണമേ! ഞാൻ തന്നു വീട്ടിക്കൊള്ളാം. എന്നാൽ, അവൻ സമ്മതിച്ചില്ല. കടം വീട്ടുന്നതുവരെ സഹസേവകനെ അവൻ കാരാഗൃഹത്തിലിട്ടു. സംഭവിച്ചതറിഞ്ഞ് മറ്റു സേവകന്മാർ വളരെ സങ്കടപ്പെട്ടു. അവർ ചെന്ന് നടന്നതെല്ലാം യജമാനനെ അറിയിച്ചു. യജമാനൻ അവനെ വിളിച്ചു പറഞ്ഞു: ദുഷ്ടനായ സേവകാ, നീ എന്നോടു കേണപേക്ഷിച്ചതു കൊണ്ടു നിൻെറ കടമെല്ലാം ഞാൻ ഇളച്ചു തന്നു. ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിൻെറ സഹസേവകനോടു കരുണ കാണിക്കേണ്ടതായിരുന്നില്ലേ? യജമാനൻ കോപിച്ച് കടം മുഴുവൻ വീട്ടുന്നതുവരെ അവനെ കാരാഗൃഹാധികൃതർക്ക് ഏൽപിച്ചുകൊടുത്തു.* ***നിങ്ങൾ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എൻെറ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെ തന്നെ പ്രവർത്തിക്കും***" (മത്താ.18:24-35). ഇതുകൊണ്ടല്ലെ സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണെന്ന് ഈശോ പഠിപ്പിച്ചത്. എത്രമാത്രം ന്യായീകരണങ്ങളുണ്ടെങ്കിലും നമ്മേയും നമ്മുടെ പൂർവ്വീകരെയും വേദനിപ്പിച്ചവരോട് നിരുപാധികം ക്ഷമിക്കാതിരിക്കുന്നത് നമ്മുക്കുള്ള അനുഗ്രഹങ്ങൾ തടസ്സപ്പെടുത്തും, രോഗങ്ങൾക്ക് കാരണമാകും.

പ്രമാണങ്ങളുടെ ലംഘനത്തിലൂടെ - പാപം ചെയ്യുന്നതിലൂടെ - ശാപം വരുന്നു. "*ഇന്നു നിനക്ക് നൽകുന്ന കൽപനകളും ചട്ടങ്ങളും ശ്രദ്ധാപൂർവ്വം അനുസരിക്കാതിരുന്നാൽ താഴെ പറയുന്ന ശാപങ്ങളൊക്കെയും നിന്റെമേൽ പതിക്കും*"(നിയമ.28:15). അതുകൊണ്ട് ഏത് പ്രമാണ ലംഘനത്തിലൂടെയാണോ ശാപം കടന്നു വന്നത്, ആ പാപം ക്ഷമിക്കപ്പെടുമ്പോൾ മാത്രമെ ആ പാപത്തിലൂടെ കടന്നുവന്ന ശാപം ഇല്ലാതാകുന്നുള്ളു. ഒരു

വ്യക്തി പാപമോചനം പ്രാപിക്കാതെ മരിച്ചു പോയാൽ ആ പാപവും അതിലൂടെ കടന്നു വരുന്ന ശാപവും അതിന്റെ പിന്നിലുള്ള തിന്മയുടെ ശക്തികളും നിലനിൽക്കുന്നു. ഇപ്രകാരം തലമുറകളായി പാപമോചനം ലഭിക്കാതെ മരിച്ചു പോയിട്ടുള്ള സകലരുടേയും പാപത്തിലൂടെ കടന്നു വന്നിട്ടുള്ള ശാപങ്ങൾ നമ്മെ വേട്ടയാടിക്കൊണ്ടിരിക്കും. "***ലോകാരംഭം** മുതൽ ചൊരിയപ്പെട്ടിട്ടുള്ള സകല പ്രവാചകന്മാരുടെയും രക്തത്തിന് – ആബേൽ മുതൽ, ബലിപീഠത്തിനും വിശുദ്ധ സ്ഥലത്തിനും മധ്യേ വച്ചു കൊല്ലപ്പെട്ട സഖറിയാ വരെയുള്ളവരുടെ രക്തത്തിന് – ഈ തലമുറ ഉത്തരം പറയേണ്ടി വരും. അതേ, ഞാൻ പറയുന്നു, ഈ തലമുറയോട് അത് ആവശ്യപ്പെടും*" (ലൂക്ക11:50,51). പഴയ നിയമപുസ്തകങ്ങളിൽ പൂർവ്വീകരുടെ പാപങ്ങൾമൂലം മൂന്നും നാലും തലമുറവരെ ശിക്ഷിക്കപ്പെടാമെന്നു പറയുമ്പോൾ ഈശോ പറയുന്നത് ലോകാരംഭം മുതലുള്ളവക്ക് ഈ തലമുറ ഉത്തരം പറയേണ്ടി വരുമെന്നാണ്. മുൻതലമുറകൾ ചെയ്തുപോയ തെറ്റുകൾക്ക് ഈ തലമുറ ഉത്തരം കൊടുക്കേണ്ടതിനാൽ അവർക്കു വേണ്ടി പ്രാർത്ഥനകളും പരിഹാര പ്രവർത്തികളും ചെയ്തുകൊണ്ട് അവരുടെ കടങ്ങൾ വീട്ടി അവരെ മോചിപ്പിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു എന്ന വസ്തുത മറക്കരുത്.

"*അവൻ കടന്നുപോകുമ്പോൾ ജന്മനാ അന്ധനായ ഒരുവനെ കണ്ടു. ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു: റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്. ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ? യേശു മറുപടി പറഞ്ഞു: ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്* "(യോഹ.9:1-3). ഈ വചനം പറഞ്ഞുകൊണ്ട് പാപ പ്രവൃത്തികൾ മനുഷ്യ ജീവിതത്തെ സ്വാധീനിക്കുയില്ല എന്നു പറയുന്നവരെ കണ്ടിട്ടുണ്ട്. പാപം ചെയ്യുന്നവർക്കാണ് കഷ്ടതകളുണ്ടാകുന്നതെന്നും അല്ലാത്തവർ പാപമില്ലാത്തവരാണെന്നുമുള്ള മനോഭാവത്തോടെയാണ് ശിഷ്യരുടെ ചോദ്യം എന്ന് മനസ്സിലാക്കികൊണ്ടാണ് ഈശോ ഇപ്രകാരം പറഞ്ഞത്. അല്ലാതെ മനുഷ്യരെ അന്ധരാക്കി സുഖപ്പെടുത്തി ദൈവശക്തി പ്രകടിപ്പിക്കേണ്ട ആവശ്യമൊന്നും ദൈവത്തിനില്ല. അന്ധനായി ജനിച്ചത് പാപം മൂലമല്ല എന്നല്ല നാം ആരെയും വിധിക്കരുത് എന്നാണ് ഈശോ പറയുന്നതിനർത്ഥം. എന്തെന്നാൽ ലൂക്ക 13 ഒന്നു മുതൽ വചനം പറയുന്നു: "*ഗലീലിയക്കാരായ ഏതാനും പേരുടെ ബലികളിൽ അവരുടെ രക്തംകൂടി പീലാത്തോസ് കലർത്തിയ വിവരം, ആ സമയത്ത് അവിടെയുണ്ടായിരുന്ന ചിലർ അവനെ അറിയിച്ചു അവൻ ചോദിച്ചു: ഇവയെല്ലാം അനുഭവിച്ചതുകൊണ്ട് അവർ മറ്റെല്ലാ ഗലീലിയക്കാരെയുംകാൾ കൂടുതൽ പാപികളായിരുന്നു എന്നു നിങ്ങൾ കരുതുന്നുവോ? അല്ല എന്നു ഞാൻ പറയുന്നു. **പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും.***" പാപമാണ് നാശത്തിനു കാരണമെങ്കിലും ഒരുവന് കഷ്ടതകളുണ്ടാകുന്നതിന്റെ കാരണം പാപം മാത്രമായിരിക്കണമെന്നില്ല. "*അധർമ്മികളെ ദീർഘകാലത്തേക്കു തന്നിഷ്ടത്തിനു വിടാതെ **തൽക്ഷണം ശിക്ഷിക്കുന്നതു** യഥാർത്ഥത്തിൽ വലിയ കാരുണ്യത്തിൻെറ ലക്ഷണമാണ്. ഇതര ജനതകളെ ശിക്ഷിക്കുന്ന കാര്യത്തിൽ, അവർ തങ്ങളുടെ പാപങ്ങളുടെ തികവിലെത്തുന്നതുവരെ കർത്താവ് ക്ഷമയോടെ കാത്തിരിക്കുന്നു. എന്നാൽ, നമ്മോട് അവിടുന്ന് ഇപ്രകാരമല്ല വർത്തിക്കുന്നത്. നമ്മൾ പാപപാരമ്യത്തിൽ എത്തി പ്രതി*

കാരത്തിനു പാത്രമാകാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്"(2മക്ക.6:13-15). അതുകൊണ്ടാണ് ഹെബ്രായർ 12:6-ൽ പറയുന്നത്: *"താൻ സ്നേഹിക്കുന്നവന്* ***കർത്താവ് ശിക്ഷണം നൽകുന്നു;*** *മക്കളായി സ്വീകരിക്കുന്നവരെ പ്രഹരിക്കുകയും ചെയ്യുന്നു."* വീണ്ടും വചനം പറയുന്നു:*"കർത്താവു നമ്മെ വിധിക്കുകയും* ***ശിക്ഷണ വിധേയരാക്കുകയും*** *ചെയ്യുന്നു. അത് ലോകത്തോടൊപ്പം നമ്മൾ* ***ശിക്ഷിക്കപ്പെടാതിരിക്കാൻ വേണ്ടിയാണ്"*** (1കോറി.11:32). ഇതിൽനിന്നെല്ലാം പാപമാണ് നാശത്തിനു കാരണമെങ്കിലും അതിന്റെ പേരിൽ ആരും അവഹേളിക്കപ്പെടുവാനോ കുറ്റം വിധിക്കപ്പെടുവാനോ ഈശോ ആഗ്രഹിക്കുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്. *"എൻെറ വാക്കുകൾ കേൾക്കുന്നവൻ അവ പാലിക്കുന്നില്ലെങ്കിലും ഞാൻ അവനെ വിധിക്കുന്നില്ല. കാരണം, ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ്. എന്നാൽ, എന്നെ നിരസിക്കുകയും എൻെറ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവന് ഒരു വിധികർത്താവുണ്ട്. ഞാൻ പറഞ്ഞ വചനം തന്നെ അന്ത്യദിനത്തിൽ അവനെ വിധിക്കും"* (യോഹ.12:47,48). *"അതിനാൽ മുൻകൂട്ടി നിങ്ങൾ വിധി പ്രസ്താവിക്കരുത്, കർത്താവ് വരുന്നതുവരെ കാത്തിരിക്കുവിൻ. അന്ധകാരത്തിൽ മറഞ്ഞിരിക്കുന്നവയെ വെളിച്ചത്തു കൊണ്ടുവരുന്നവനും, ഹൃദയരഹസ്യങ്ങൾ വെളിപ്പെ ടുത്തുന്നവനും അവനാണല്ലോ"*(1കോറി.4:5).

"പിതാക്കന്മാർ പച്ചമുന്തിരിങ്ങ തിന്നു മക്കളുടെ പല്ല് പുളിച്ചു എന്ന് ***ആ നാളുകളിൽ*** *അവർ പറയുകയില്ല. ഓരോരുത്തരും അവനവന്റെ അകൃത്യം നിമിത്തമാണ് മരിക്കുക. പച്ചമുന്തിരിങ്ങ തിന്നവന്റെ പല്ലേ പുളിക്കൂ"* (ജറെ.31:29). ഈ പറയുന്നത് മേൽപറഞ്ഞ വചനവുമായി ഇണങ്ങുന്നില്ലല്ലോ എന്ന സംശയം ജനിച്ചേക്കാം. ഇവിടെ പറയുന്നത് വരാൻ പോകുന്ന നാളുകളെക്കുറിച്ചാണ്. ക്രിസ്തുവിന്റെ രണ്ടാം വരവിനു ശേഷം സംഭവിക്കുന്ന കാര്യങ്ങളാണിവ. അതുവരെ ആത്മാക്കളുടെ രക്ഷക്കുവേണ്ടിയുള്ള ഒരു ദൈവീക സംവിധാനമാണിത്. പാപത്തിന്റെ ഫലം ഇപ്പോൾ പിൻതലമുറകളിലേക്ക് പകർന്നു കൊടുക്കപ്പെടുന്നു എന്നത് ഇതിനാൽ വ്യക്തമാണ്.

"അവനാകട്ടെ പാപങ്ങൾക്കുവേണ്ടി എന്നേക്കുമായുള്ള ഏകബലി അർപ്പിച്ചു കഴിഞ്ഞപ്പോൾ, ദൈവത്തിൻെറ വലത്തുഭാഗത്ത് ഉപവിഷ്ടനായി. ശത്രുക്കളെ തൻെറ പാദപീഠമാക്കുവോളം അവൻ കാത്തിരിക്കുന്നു. ***വിശുദ്ധീകരിക്കപ്പെട്ടവരെ*** *അവൻ ഏകബലിസമർപ്പണംവഴി എന്നേക്കുമായി* ***പരിപൂർണ്ണരാക്കിയിരിക്കുന്നു.*** *പരിശുദ്ധാത്മാവു തന്നെ നമുക്കു സാക്ഷ്യം നൽകുന്നു:* ***ആ ദിവസങ്ങൾക്കുശേഷം അവരുമായി*** *ഞാൻ ഏർപ്പെടുന്ന ഉടമ്പടി ഇതാണ് എന്നു കർത്താവ് അരുളിച്ചെയ്യുന്നു"* (ഹെബ്രാ.10:12-16). ഈ പറയുന്ന പുതിയ ഉടമ്പടി കുരിശിലെ ഏകബലിയല്ല. പരിശുദ്ധ കുർബ്ബാനയിൽ വരാൻപോകുന്ന ഉടമ്പടിയുടെ അച്ചാരമെന്ന നിലയിൽ യേശുവിന്റെ രക്തം നൽകപ്പെടുന്നു. ഈ രക്തംകൊണ്ടും വചനം കൊണ്ടും വിശുദ്ധീകരണം പൂർത്തിയായിട്ടു വേണം പുതിയ ഉടമ്പടി (വാഗ്ദാനം) നടപ്പിൽ വരാൻ. **ശത്രുക്കളെ** പാദപീഠമാക്കിയ ശേഷം - വിശുദ്ധീകരിക്കപ്പെട്ടവരെ എന്നേക്കുമായി പരിപൂർണ്ണരാക്കിയശേഷം - ഒന്നാമത്തെ പുനരുത്ഥാനത്തിൽ (വെളി.20:5) പങ്കുകാരാകുന്നവരുമായിട്ടാണ് ഈ ഉടമ്പടി ചെയ്യുന്നത്.

ആരൊക്കെയാണ് ശത്രുക്കൾ എന്നു മനസ്സിലാക്കിയാൽ ഒരു പക്ഷെ കുറച്ചുകൂടി വ്യക്തത ലഭിക്കും. റോമാക്കാർക്കുള്ള ലേഖനം 5:10-ൽ പറയുന്നു:

"***നാം ശത്രുക്കളായിരുന്നപ്പോൾ*** *അവിടുത്തെ പുത്രൻെറ മരണത്താൽ ദൈവ വുമായി രമ്യതപ്പെട്ടുവെങ്കിൽ, ...*" വീണ്ടും 6:3-ൽ പറയുന്നു: "*യേശുക്രിസ്തു വിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവൻെറ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്നു നിങ്ങൾ ക്കറിഞ്ഞുകൂടേ?*" ഇതിൽനിന്നും വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിക്കാത്ത വരെല്ലാം ശത്രു പക്ഷത്തുള്ളവരാണെന്ന് മനസ്സിലാക്കാം. അതുകൊണ്ടാണ് സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പായി ശിഷ്യന്മാരെ ഗലീലിയിലെ മലയി ലേക്ക് കൂട്ടികൊണ്ടുവന്ന് യേശു അരുളിചെയ്തത്: "*സ്വർഗ്ഗത്തിലും ഭൂമിയിലു മുള്ള എല്ലാ അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെ യും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക്* ***ജ്ഞാനസ്നാനം*** *നൽ കുവിൻ*" (മത്തായി.28:18,19).

"***ആ ദിവസങ്ങൾക്കു ശേഷം*** *ഇസ്രായേൽ ഭവനവുമായി ഞാൻ ചെയ്യുന്ന ഉടമ്പടി ഇതാണ്: എൻെറ നിയമങ്ങൾ അവരുടെ മനസ്സിൽ ഞാൻ സ്ഥാപിക്കും. അവരുടെ ഹൃദയത്തിൽ ഞാൻ അവ ആലേഖനം ചെയ്യും. ഞാൻ അവർക്കു ദൈവമായിരിക്കും, അവർ എനിക്കു ജനവും. ആരും തൻെറ സഹ പൗരനെയോ സഹോദരനെയോ കർത്താവിനെ അറിയുക എന്നു പറഞ്ഞു പഠിപ്പിക്കേണ്ടതില്ല. എന്തെന്നാൽ, അവരിലെ ഏറ്റവും ചെറിയവൻ മുതൽ ഏറ്റവും വലിയവൻ വരെ എല്ലാവരും എന്നെ അറിയും. അവരുടെ അനീതി കളുടെ നേർക്കു ഞാൻ കരുണയുള്ളവനായിരിക്കും. അവരുടെ പാപങ്ങൾ ഞാൻ ഒരിക്കലും ഓർക്കുകയുമില്ല*" (ഹെബ്രാ.8:10-12, ജറെ.31:33,34). ഇതുതന്നെ മറ്റൊരു തരത്തിൽ വെളിപാട് 3:12-ൽ പറയുന്നുണ്ട്. "*വിജയം വരിക്കുന്നവനെ ഞാൻ എൻെറ ദൈവത്തിൻെറ ആലയത്തിലെ ഒരു സ്തംഭമാക്കും; അവൻ പിന്നെ ഒരിക്കലും പുറത്തുപോവുകയില്ല. അവൻെറ മേൽ എൻെറ ദൈവ ത്തിൻെറ നാമവും ദൈവസന്നിധിയിൽനിന്നു സ്വർഗ്ഗം വിട്ട് ഇറങ്ങിവരുന്ന പുതിയ ജറുസലെമാകുന്ന ദൈവനഗരത്തിൻെറ നാമവും എൻെറ പുതിയ നാമവും ഞാൻ എഴുതും.*" ഇപ്രകാരമുള്ള ദിവസം വന്നു കഴിഞ്ഞതായി കരു താനാവില്ല. അങ്ങനെയെങ്കിൽ സുവിശേഷം പ്രസംഗിക്കേണ്ട അവശ്യമില്ലല്ലോ? അതിനാൽ ഇത് ഒരു പ്രവചനമായി മാത്രമെ കാണുവാൻ സാധിക്കുകയുള്ളു. മാത്രമല്ല പൗലോസ്ശ്ലീഹ ഈശോയുടെ മരണത്തിനും ഉത്ഥാനത്തിനും അ നേക വർഷങ്ങൾക്കുശേഷമാണ് ഇത് പറയുന്നത്. എങ്കിൽ ഈ ഉടമ്പടി ആർ ആരോട് എപ്പോൾ ചെയ്തു? അതിനാൽ ആദ്യത്തെ ഉടമ്പടിയാണ് നിലവിലു ള്ളത്."***കർത്താവായ യേശുക്രിസ്തു പ്രത്യക്ഷപ്പെടുന്നതുവരെ*** *പ്രമാണങ്ങ ളെല്ലാം നിഷ്കളങ്കമായും അന്യൂനമായും നീ കാത്തുസൂക്ഷിക്കണം*" (1തിമോ. 6:14). ആദ്യത്തെ ഉടമ്പടി ഏതുവരെ നിലനിൽക്കും എന്നു വെളിപ്പെടുത്തുന്ന ഒരു വചനമാണിത്. "*വിളിക്കപ്പെട്ടവർ വാഗ്ദത്തമായ നിത്യാവകാശം പ്രാപി ക്കുന്നതിന്, അവൻ ഒരു* ***പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായി****. കാരണം,* ***ആദ്യത്തെ ഉടമ്പടിക്കു വിധേയരായിരിക്കെ,*** *നിയമം ലംഘിച്ചവർക്ക് അവൻ സ്വന്തം മരണത്താൽ രക്ഷയായിത്തീർന്നു*" (ഹെബ്രാ.9:15).

യഥാർത്ഥത്തിൽ പുതിയ ഉടമ്പടിയിലൂടെ നമുക്ക് ലഭിക്കുന്നത് ജീവന്റെ വൃക്ഷവും ജ്ഞാനവും സ്ത്രീയുമായ പരിശുദ്ധ അമ്മയെയാണ്.

ജ്ഞാനവും നിയമവുമാണ് ഉടമ്പടിഗ്രന്ഥം എന്ന് പ്രഭാ.24:23-ൽ പറയുന്നത് ഇവിടെ പ്രസക്തമാണ്. ആദിമാതാപിതാക്കളെ വഞ്ചിച്ച് ദൈവഹിതത്തിനെതിരെ നന്മതിന്മയുടെ വൃക്ഷത്തിൽ നിന്ന് ഭക്ഷിപ്പിച്ച് മനുഷ്യകുലത്തെ മുഴുവൻ സാത്താൻ അവന്റെ അടിമകളാക്കി മാറ്റി. അതിനാൽ മനുഷ്യൻ **ജീവന്റെ വൃക്ഷത്തിൽ** നിന്നുകൂടി ഭക്ഷിച്ച് അമർത്യത കൈവരിക്കാതിരിക്കാൻ ഏദൻ തോട്ടത്തിൽ നിന്നു പുറത്താക്കി ദൈവം ജീവന്റെ വൃക്ഷത്തിന് കെരൂബുകളെ കാവൽ നിർത്തി (ഉൽ.3:22-24). എന്തെന്നാൽ പാപാവസ്ഥയിൽ അമർത്യത കൈവരിച്ചാൽ മനുഷ്യനെ രക്ഷിക്കുക അസാധ്യമാകുമായിരിന്നു. അതിനാൽ യേശുക്രിസ്തു ഏകബലിസമർപ്പണം വഴി **വിശുദ്ധീകരിക്കപ്പെട്ടവരെ** എന്നേക്കുമായി പരിപൂർണ്ണരാക്കി ജീവന്റെ വൃക്ഷത്തിൽനിന്ന് ഭക്ഷിക്കുവാൻ അർഹതയുള്ളവരാക്കി.“*വിജയം വരിക്കുന്നവനു ദൈവത്തിൻെറ പറുദീസായിലുള്ള ജീവവൃക്ഷത്തിൽ നിന്നു ഞാൻ ഭക്ഷിക്കാൻ കൊടുക്കും*”(വെളി.2:7). “*അവളെ (ജ്ഞാനത്തെ) കൈവശപ്പെടുത്തുന്നവർക്ക് അവൾ ജീവൻെറ വൃക്ഷമാണ്; ....*’ (സുഭാ.3:18). “*.....ഞാൻ എന്റെ പിതാവിൽ നിന്ന് അധികാരം സ്വീകരിച്ചതു പോലെതന്നെ പുലർകാല നക്ഷത്രം ഞാൻ അവനു നൽകും*” (വെളി.2:28). 2പത്രോസ് 1:19-ൽ പറയുന്നു: “*പ്രഭാതം പൊട്ടി വിടരുകയും പ്രഭാത നക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുന്നതുവരെ, ഇരുളിൽ പ്രകാശിക്കുന്ന ദീപത്തെ എന്ന പോലെ പ്രവാചക വചനത്തെ നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.*” “*.....മാതാവിൻെറ ഉദരത്തിൽനിന്നു പുറത്തുവരുന്ന നിമിഷം മുതൽ **സർവ്വരുടെയും മാതാവിൻെറ** അടുത്തേക്കു മടങ്ങുന്നതുവരെ ആദത്തിൻെറ സന്തതികളുടെമേൽ ഭാരമുള്ള നുകം വയ്ക്കപ്പെട്ടിരിക്കുന്നു*” (പ്രഭാ.40:1). ഓരോ മനുഷ്യനും അവസാനം സർവ്വരുടെയും മാതാവിന്റെ (‘സ്ത്രീ’യുടെ) അടുക്കൽ എത്തുമെന്നല്ലെ ഈ വചനം സ്പഷ്ടമാക്കുന്നത്. സുഭാഷിതത്തിൽ പറയുന്നു: “*എന്നെ കണ്ടെത്തുന്നവൻ ജീവൻ കണ്ടെത്തുന്നു*” (8:35). മറ്റൊരു വചനം പറയുന്നു: “*വിജയം വരിക്കുന്നവനു ഞാൻ നിഗൂഢ മന്ന നൽകും*” (വെളി.2:17). നിഗൂഢ മന്ന - ഇതുവരെയും വെളിപ്പെടുത്താത്തത് - പുലർകാല നക്ഷത്രവും ജീവന്റെ വൃക്ഷവും ജ്ഞാനവും സ്ത്രീയുമായ പരിശുദ്ധ അമ്മയാണ്. അപ്രകാരം സത്യത്തെ സംബന്ധിച്ചു പൂർണ്ണമായ അറിവു ലഭിക്കുന്നു.

“*സത്യത്തെ സംബന്ധിച്ചു പൂർണ്ണമായ അറിവു ലഭിച്ചതിനുശേഷം മനഃപൂർവ്വം നാം പാപം ചെയ്യുന്നെങ്കിൽ പാപങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെടാൻ പിന്നൊരു ബലി അവശേഷിക്കുന്നില്ല. മറിച്ച്, ഭയങ്കരമായ ന്യായവിധിയുടെ സംഭീതമായ കാത്തിരിപ്പും ശത്രുക്കളെ വിഴുങ്ങിക്കളയുന്ന അഗ്നിയുടെ ക്രോധവും മാത്രമേ ഉണ്ടായിരിക്കൂ. മോശയുടെ നിയമം ലംഘിക്കുന്ന മനുഷ്യൻ കരുണ ലഭിക്കാതെ രണ്ടോ മൂന്നോ സാക്ഷികളുടെ സാന്നിധ്യത്തിൽ മരിക്കുന്നു. ദൈവപുത്രനെ പുച്ഛിച്ചുതള്ളുകയും തന്നെ ശുദ്ധീകരിച്ച **പുതിയ ഉടമ്പടിയുടെ രക്തത്തെ** അശുദ്ധമാക്കുകയും കൃപയുടെ ആത്മാവിനെ അവമാനിക്കുകയും ചെയ്തവനു ലഭിക്കുന്ന ശിക്ഷ എത്ര കഠോരമായിരിക്കുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? **പ്രതികാരം** എൻേറതാണ്. **ഞാൻ പകരം വീട്ടും** എന്നും കർത്താവു തൻെറ ജനത്തെ വിധിക്കും എന്നും പറഞ്ഞവനെ നാം അറിയുന്നു. ജീവിക്കുന്ന ദൈവത്തിൻെറ കൈയിൽ ചെന്നു വീഴുക വളരെ ഭയാനകമാണ്*” (ഹെബ്രാ. 10:26-31). ഇതനുസരിച്ച് **പുതിയ ഉടമ്പടിക്കു**

ശേഷം പാപം ചെയ്യുന്നെങ്കിൽ നിത്യ ശിക്ഷയാണ് ലഭിക്കുക. അവനു പാപ ക്ഷമയില്ല എന്നുകൂടി മനസ്സിലാക്കുക. അങ്ങനെയെങ്കിൽ നാം പുതിയ ഉടമ്പടിയിലാണോ?

''*കർത്താവിൻെറ മഹത്തും ഭീതിജനകവുമായ ദിവസം വരുന്നതിനുമുമ്പ് പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങളുടെ അടുത്തേക്ക് അയയ്ക്കും. ഞാൻ വന്നു ദേശത്തെ ശാപം കൊണ്ടു നശിപ്പിക്കാതിരിക്കേണ്ടതിന് അവൻ പിതാക്കന്മാരുടെ ഹൃദയം മക്കളിലേക്കും മക്കളുടെ ഹൃദയം പിതാക്കന്മാരിലേക്കും തിരിക്കും"* (മലാക്കി.4:5,6). പാപാവസ്ഥയിൽ ജീവിച്ച് പാപമോചനം പ്രാപിക്കാതെ മരിച്ചുപോയിട്ടുള്ള നമ്മുടെ പൂർവ്വീകരുടെ പാപങ്ങൾ ഏററു പറയാം (നെഹെ.9:2, ജറെ14:20, വിലാ.5:7, ബാറൂ. 3:4, ദാനി.9:8). എന്തെന്നാൽ ജ്ഞാനസ്നാനം സ്വീകരിക്കാതെ മരിച്ചുപോയ തന്റെ പ്രിയപ്പെട്ടവർക്കുവേണ്ടി, ജീവിച്ചിരിക്കുന്നവർ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനെപ്പറ്റി പൗലോസ്ശ്ലീഹ 1കോറി. 15:29–ൽ പറയുന്നുണ്ട്. മരിച്ചുപോയവർക്കുവേണ്ടി ജ്ഞാനസ്നാനം സ്വീകരിക്കാമെങ്കിൽ അവരുടെ പാപങ്ങൾ പൊറുക്കുവാൻ കരുണയുണ്ടാകണമേ എന്ന് തിരുസന്നിധിയിൽ പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യാം. അതോടൊപ്പം പാപപരിഹാര പ്രവൃത്തികൾ ചെയ്യുകയും പാപപരിഹാര ബലികൾ അർപ്പിക്കുകയും ചെയ്യുമ്പോൾ കാരുണ്യവാനായ ദൈവം തന്റെ കാരുണ്യാതിരേകത്താൽ അവരുടെ പാപങ്ങൾ ക്ഷമിക്കും. ഇപ്രകാരം ആ പാപങ്ങളിലൂടെ കടന്നു വന്നിട്ടുള്ള കടങ്ങൾ വീടുകയും ചെയ്യും. "*സർവ്വശക്തൻ ക്രോധത്താൽ പുറം തള്ളിയതിനെ പരമോന്നതനായ അവിടുന്ന് ജനത്തോട് അനുരഞ്ജനപ്പെട്ടപ്പോൾ അതിൻെറ സർവ്വ മഹത്വത്തിലും പുനഃസ്ഥാപിച്ചു"*(2മക്ക.5:20). അതുകൊണ്ട് ആ ആത്മാക്കൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുപോകുകയും ശാപത്തിൽ നിന്നു മോചിതരായി തലമുറകൾ അനുഗ്രഹിക്കപ്പെടുകയും ചെയ്യും.

ഏശയ്യായുടെ പുസ്തകം 1:24 മുതലുള്ള വചനങ്ങൾ പറയുന്നു: "*അതിനാൽ, സൈന്യങ്ങളുടെ കർത്താവ്, ഇസ്രായേലിന്റെ ശക്തനായവൻ, അരുളിച്ചെയ്യുന്നു: എന്റെ ക്രോധം എന്റെ ശത്രുക്കളുടെ മേൽ ഞാൻ ചൊരിയും. എന്റെ വൈരികളോടു ഞാൻ തന്നെ പ്രതികാരം ചെയ്യും. ഞാൻ എന്റെ കരം നിനക്കെതിരായി ഉയർത്തും.* ***ചൂളയിൽ എന്നപോലെ ഉരുക്കി നിന്നെ ശുദ്ധിചെയ്യും. നിന്നിൽ കലർന്നിരിക്കുന്ന വിലകെട്ട ലോഹം ഞാൻ നീക്കിക്കളയും."*** വീണ്ടും 57:14 മുതൽ പറയുന്നു: "***പണിയുവിൻ, വഴിയൊരുക്കുവിൻ, എൻെറ ജനത്തിൻെറ മാർഗത്തിൽനിന്നു പ്രതിബന്ധങ്ങൾ നീക്കിക്കളയുവിൻ എന്ന് ആഹ്വാനം ഉയരും.*** *അത്യുന്നതനും മഹത്വപൂർണനുമായവൻ, അനന്തതയിൽ വസിക്കുന്ന പരിശുദ്ധൻ എന്ന നാമം വഹിക്കുന്നവൻ, അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതമായ വിശുദ്ധസ്ഥലത്തു വസിക്കുന്നു. അനുതാപികളുടെ ഹൃദയത്തെയും വിനീതരുടെ ആത്മാവിനെയും നവീകരിക്കാൻ ഞാൻ അവരോടുകൂടെ വസിക്കുന്നു. ഞാൻ എന്നേക്കും കുറ്റം ആരോപിക്കുകയോ കോപിക്കുകയോ ഇല്ല; കാരണം എന്നിൽ നിന്നാണ്, ജീവൻ പുറപ്പെടുന്നത്. ഞാനാണ് ജീവശ്വാസം നൽകിയത്. അവന്റെ ദുഷ്ടമായ അത്യാഗ്രഹം നിമിത്തം ഞാൻ കോപിച്ചു. എന്റെ കോപത്തിൽ ഞാൻ*

അവനെ ശിക്ഷിക്കുകയും അവനിൽ നിന്ന് മുഖം തിരിക്കുകയും ചെയ്തു. എന്നിട്ടും അവൻ തന്നിഷ്ടം കാട്ടി, പിഴച്ച വഴി തുടർന്നു. ഞാൻ അവന്റെ വഴികൾ കണ്ടു. എങ്കിലും ഞാൻ അവനെ സുഖപ്പെടുത്തും; അവനെ കൊണ്ടു പോയി ആശ്വസിപ്പിക്കും; ***അവനെ പ്രതി വിലപിച്ചവരുടെ*** *അധരങ്ങളിൽനിന്ന് കീർത്തനങ്ങൾ ഉയരാൻ ഇടവരുത്തും."* അതായത് മറ്റുള്ളവരുടെ പ്രാർത്ഥന യുടെ ഫലമായി കർത്താവ് കരുണ വർഷിച്ച് ജീവന്റെ പുസ്തകത്തിൽ പേരുള്ളവരെയെല്ലാം രക്ഷപ്പെടുത്തുമെന്ന്.

തിരുവചനം പറയുന്നു, *"ഒട്ടും കാരുണ്യം കാണിക്കാത്തവരുടെമേൽ കാരുണ്യ രഹിതമായ വിധിയുണ്ടാകും, എങ്കിലും വിധിയുടെമേൽ കാരുണ്യം വിജയം വരിക്കും"*(യാക്കോ.2:13). അന്ത്യവിധിക്കുശേഷം കാരുണ്യം പ്രതീ ക്ഷിച്ചിട്ട് കാര്യമില്ലല്ലോ. അതിനാൽ തനതു വിധിയുടെ മേലാണ് കാരുണ്യം വിജയം വരിക്കുന്നത്. തോബിത്തിന്റെ പുസ്തകത്തിൽ പറയുന്നുണ്ടല്ലോ; *"നമ്മുടെ തിന്മകൾക്ക് അവിടുന്ന് നമ്മെ ശിക്ഷിക്കും. എന്നാൽ, അവിടുന്ന് വീണ്ടും കരുണ ചൊരിയും"*(13:5).

"അന്യായമായി പീഡിപ്പിക്കപ്പെടുമ്പോൾ, ദൈവചിന്തയോടെ വേദനകൾ ക്ഷമാപൂർവ്വം സഹിച്ചാൽ അത് അനുഗ്രഹകാരണമാകും. തെറ്റു ചെയ്തിട്ട് അടിക്കപ്പെടുമ്പോൾ ക്ഷമയോടെ സഹിച്ചാൽ നിങ്ങൾക്ക് എന്തു മഹത്വമാണുള്ളത്? നിങ്ങൾ നന്മ ചെയ്തിട്ടു പീഡകൾ സഹിക്കേണ്ടിവന്നാൽ, അതു ദൈവസന്നിധിയിൽ പ്രീതികരമാണ്. ***ഇതിനായിട്ടാണു നിങ്ങൾ വിളി ക്കപ്പെട്ടിരിക്കുന്നത്.*** *എന്തെന്നാൽ, ക്രിസ്തു നിങ്ങൾക്കുവേണ്ടി സഹിക്കു കയും* ***നിങ്ങൾ അനുകരിക്കുന്നതിനു*** *വേണ്ടി നിങ്ങൾക്കു മാതൃക നൽകു കയും ചെയ്തിരിക്കുന്നു"* (1പത്രോസ് 2:19-21). ഇപ്രകാരം നാം ഓരോ ക്രി സ്തുവായി രൂപാന്തരപ്പെടണം. ഓരോ ക്രിസ്തു വിശ്വാസിയുടെയും കർത്തവ്യമാണിത്. റോമ 15:1-ൽ പറയുന്നുണ്ടല്ലോ *"ബലമുള്ളവരായ നാം ദുർബലരുടെ പോരായ്മകൾ സഹിക്കുകയാണു വേണ്ടത്, നമ്മെത്തന്നെ പ്രീതിപ്പെടുത്തുകയല്ല."* ഈ ഒരു തിരച്ചറിവ് അനുരഞ്ജനത്തിനും ശാപങ്ങ ളിൽ നിന്നുള്ള മോചനത്തിനും പൂർവ്വീകരുടെ രക്ഷക്കും അവസരമാക ട്ടെയെന്ന് ആശംസിക്കുന്നു.

കൂടുതൽ ആത്മീയ രഹസ്യങ്ങൾ അറിയുവാൻ വായിക്കുക!

"വേറിട്ട ചിന്തകൾ"

Vearitta Chinthakal can be read from;
Googale-Search 'Vearitta Chinthakal'
Or 'Veritta Chinthakal.myparish.net'